കെ.എസ്.എഫ്.ഇ. ഈടാക്കുന്ന പലിശ സംബന്ധിച്ച പരാതി

175 (4166) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യുടെ ടേണോവർ, നിക്ഷേപം, ലാഭം, ആറ്റാസ്തി ഓരോന്നും എത്ര കോടി രൂപ വീതമാണ്; പ്രസ്തുത സ്ഥാപനം എത്ര കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) വായ്പകൾക്ക് കെ.എസ്.എഫ്.ഇ. പലിശ, പിഴപ്പലിശ എന്നിവ കൂടുതലായിട്ടാണ് ഈടാക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം നൽകുമോ ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരത്തിലുള്ള എത്ര പരാതികൾ വകുപ്പിന് ഓരോ വർഷവും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.എഫ്.ഇ.-യുടെ ഇത്തരം ചൂഷണങ്ങളിൽ നിന്നും ഉപഭോക്താക്കൾക്ക് സഹായം ലഭിക്കാനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) കെ. എസ്.എഫ്.ഇ.-യുടെ പ്രവർത്തന മേഖലയിൽ മുതലിനെക്കാൾ കൂടുതൽ പലിശ വാങ്ങുന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; എന്ത് നടപടി സ്വീകരിച്ചുവെന്നും വിവിധ കോടതികളിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് എതിരെ ഇത്തരത്തിൽ എത്ര കേസ്സുകൾ നിലനിൽക്കുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-2014-ൽ കെ.എസ്.എഫ്.ഇ.യുടെ ടേണോവർ 21,566 കോടി രൂപയും നിക്ഷേപം 6015.82 കോടി രൂപയും ലാഭം 175.66 കോടി രൂപയും ആറ്റാസ്തി 347.27 കോടി രൂപയുമാണ്. സ്ഥാപനം 31-3-2014 -ൽ 2920.13 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. (കണക്കുകൾ ഓഡിറ്റിനു വിധേയം)

(ബി) ഇതര സാമ്പത്തിക സ്ഥാപനങ്ങളുമായും ബാങ്കിംഗ് സ്ഥാപനങ്ങളുമായും താരതമ്യപ്പെടുത്തുമ്പോൾ കെ.എസ്.എഫ്.ഇ.-യുടെ വിവിധ വായ്പകൾക്ക് കൂടുതൽ പലിശയും പിഴപ്പലിശയും ഈടാക്കുന്നില്ല. വിവിധ വായ്പകൾക്കുള്ള പലിശനിരക്ക് സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇതുസംബന്ധിച്ച് ലഭിച്ച പരാതികൾ ആവശ്യമായ നടപടികൾക്കായി കെ.എസ്.എഫ്.ഇ. മനേജിംഗ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ലഭിച്ച പരാതികളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.എഫ്.ഇ. ഇടപാടുകാരെ ചൂഷണങ്ങൾക്ക് വിധേയരാകുന്നില്ല. വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമായി നൽകുകയും നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകുകയുമാണ് കെ.എസ്. എഫ്.ഇ. ചെയ്തുവരുന്നത്.

(ഇ) കെ.എസ്.എഫ്.ഇ.-യിൽ ഹ്രസ്വകാല വായ്പകളിൽ മുതലിനേക്കാൾ പലിശ ഈടാക്കുന്നില്ല. എന്നാൽ ദീർഘകാല വായ്പയായി (15 വർഷം വരെ) അനുവദിച്ച് വരുന്ന ഭവന വായ്പയിൽ (NHFS Scheme) സ്വാഭാവികമായും മുതലിനേക്കാൾ പലിശ വരുന്നതാണ്. കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തന മേഖലയിൽ മുതലിനേക്കാൾ കൂടുതൽ പലിശ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ സംബന്ധിച്ചും വിവിധ കോടതികളിൽ കെ.എസ്.എഫ്.ഇ.-ക്ക് എതിരെ ഇത്തരത്തിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ചുമുള്ള വിവരം കെ.എസ്.എഫ്.ഇ.-യുടെ വിവിധ ബ്രാഞ്ചുകളിൽ നിന്ന് ശേഖരിച്ച് നൽകുന്നതാണ്.

പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

176 (4167) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആവശ്യമായ എല്ലായിടത്തും ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇത്തരം ബ്രാഞ്ചുകളിലൂടെ ജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ നടപ്പാക്കുമോ?

ഉത്തരം

(എ) കെ. എസ്. എഫ്. ഇ.-യുടെ സേവനം കേരളത്തിലെ മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ പഞ്ചായത്തിലും ശാഖകൾ ആരംഭിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി, 123 പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലും സാധ്യതാപഠനമനുസരിച്ച് പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ. എസ്. എഫ്. ഇ. സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനായി വർഷംതോറും രണ്ട് സവിശേഷ ചിട്ടി പദ്ധതികൾ, പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി, സ്ഥിര നിക്ഷേപം, ഹ്രസ്വകാല നിക്ഷേപം, സുഗമ സമ്പാദ്യ പദ്ധതി മുതലായവ കെ. എസ്. എഫ്. ഇ. നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly